(സി) കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരങ്ങളും അനുബന്ധവും ഒന്നിലും റോഡുകളും പാലങ്ങളും വിഭാഗത്തെ സംബന്ധിക്കുന്ന വിവരങ്ങളും അനുബന്ധം രണ്ടിലും ചേർക്കുന്നു.

(ഡി) ലഭ്യമാക്കുന്നതാണ്.

കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ള പ്രവൃത്തികളും

137 [1485] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് കഴിഞ്ഞ സാമ്പത്തിക വർഷവും, ഈ സാമ്പത്തിക വർഷവും ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർദ്ദേശിച്ച ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകിയിട്ടില്ലെങ്കിൽ അത് നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

(ബി) ദേശീയ പാതാ വിഭാഗത്തിൽ നിർദ്ദേശിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാനില്ല. കെട്ടിട വിഭാഗത്തിലേയും റോഡു വിഭാഗത്തിലേയും പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.

(സി) ഇതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുനരുദ്ധാരണ പണികൾ

138 [1486] ശ്രീ എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ 2005 മേയ് വരെ കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണ പണികൾക്കായി എന്തു തുക ചെലവഴിച്ചു; ഏതൊക്കെ റോഡുകൾക്ക്, എത്ര രൂപാ വീതം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഇനി ഭരണാനുമതി കിട്ടിയ എത്ര വർക്കുകൾ ചെയ്യാനുണ്ട്; ടെക്നിക്കൽ സാംഗ്ഷൻ കിട്ടേണ്ട വർക്കുകൾ ഏതൊക്കെയാണ്; ഇത് എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഈ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും മരാമത്ത് റോഡുകൾ പുനരുദ്ധരിക്കുന്നതിന് പുതുതായി നിർദ്ദേശം നിലവിൽ ഉണ്ടോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly